## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2371** | **11/10/2011-ൽ മറുപടിക്ക്**

### ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | സ്കൂളുകൾക്ക് നല്കുന്ന കണ്ടിജൻസി ചാർജ്ജ് വിതരണം ഇ-ബാങ്കിംഗ് രീതിയിലാക്കി. ഇതുമൂലം പണം ലഭിക്കുവാനുള്ള കാലതാമസം ഒഴിവായി. |
| ബി) | സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ കൂലി ഇപ്പോൾ എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) | 07.09.2011 മുതൽ ഒരു ദിവസത്തേക്ക് കുറഞ്ഞത് 150/- രൂപയും പരമാവധി 200/- രൂപയുമാണ് കൂലി. |
| സി) | സ്കൂളുകൾക്ക് കേന്ദ്രീകൃത പാചകപ്പുര ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| ഡി) | കുട്ടികൾക്കുള്ള ആഹാരം പോഷകസമൃദ്ധമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) | ഉച്ചഭക്ഷണത്തിന് പച്ചക്കറികൾ ഉൾപ്പെടുത്തി ആഴ്ചയിൽ 3 ദിവസം ഭക്ഷണം ഇപ്പോൾ നൽകിവരുന്നുണ്ട്. കൂടാതെ ആഴ്ചയിൽ ഒരു ദിവസം പാകം ചെയ്ത മുട്ടയും രണ്ടു ദിവസം ഒരു കുട്ടിക്ക് 150 മി.ലി. പാൽ വീതവും നൽകിവരുന്നു. കൂടാതെ ഫോർട്ടിഫൈഡ് ഉപ്പും (അയഡിൻ ഇരുമ്പും അടങ്ങിയത്) വിതരണം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ